**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 746** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മുൻ വൈദ്യുതി വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന എം.ജി.സുരേഷ് കുമാർ കെ.എസ്.ഇ.ബി.യുടെ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ബഹു. മുൻ വൈദ്യുതി മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി ഡെപ്യൂട്ടേഷനിലായിരുന്ന ശ്രീ. സുരേഷ് കുമാർ എം ജി, കെ.എസ്.ഇ.ബി. എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കെഎസ്ഇബി ലിമിറ്റഡ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ No. KL01 BQ 2419 എന്ന വാഹനം 01.08.2017 മുതൽ 27.06.2020 വരെയുള്ള കാലയളവിൽ ഔദ്യോഗിക അനുമതി കൂടാതെ ശ്രീ. എം.ജി. സുരേഷ് കുമാർ കൈവശപ്പെടുത്തി ഉപയോഗിച്ചുവന്നിരുന്നതായും, ടി വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം ടിയാൻ ഔദ്യോഗിക ആസ്ഥാനമായ തിരുവനന്തപുരത്തുനിന്നും തന്റെ ജന്മദേശമായ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, പേരാമ്പ്ര, കുറ്റിയാടി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് നടത്തിയിട്ടുള്ള 48,640 Km അനൗദ്യോഗിക യാത്രയിലൂടെ 6,72,560/- രൂപ കെ.എസ്.ഇ.ബി ലിമിറ്റഡിന് നഷ്ടം വരുത്തിയിട്ടുള്ളതായും കണ്ടെത്തി. തുടർന്ന് ആരോപണ വിധേയനായ ശ്രീ. എം.ജി. സുരേഷ് കുമാർ 6,72,560/- രൂപ അടയ്ക്കണമെന്ന് കാണിച്ച് മുൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 01/07/2022 – ലെ നടപടിക്രമം(പകർപ്പ് അനുബന്ധം - 1 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്)പുറപ്പെടുവിക്കുകയുണ്ടായി.<br><br>ശ്രീ. എം.ജി. സുരേഷ് കുമാറിന്റെ ഭാഗം കേൾക്കാതെ ഏകപക്ഷീയമായി തീരുമാനിച്ചതാണെന്നുള്ള ടിയാന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന കെ.എസ്.ഇ.ബി ലിമിറ്റഡ് മുൻ ഡയറക്ടർ (ഫിനാൻസ്) ടിയാന് വ്യക്തിഗത കൂടികാഴ്ച |

| | | | |
|---|---|---|---|
| | | | അനുവദിക്കുകയും ആയതിൽ ടിയാൻ മുന്നോട്ട് വെച്ച വാദമുഖങ്ങളുടെ അടിസ്ഥാനത്തിലും അദ്ദേഹം സർക്കാരിൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ പ്രവർത്തിച്ചിരുന്ന സമയത്ത് നടന്ന സംഭവമാകയാൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാർ ആണ് എന്ന നിഗമനത്തിലും നിലവിലെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 01/07/2022 - ലെ നടപടിക്രമം റദ്ദാക്കിക്കൊണ്ട് 07/11/2022 – ലെ നടപടിക്രമം(പകർപ്പ് അനുബന്ധം - 2 ആയി ഉള്ളടക്കം ചെയ്യുന്നു) പുറപ്പെടുവിക്കുകയും പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) | ഈയിനത്തിൽ ഉണ്ടായ സാമ്പത്തിക നഷ്ടം പ്രസ്തുത വ്യക്തിയിൽ നിന്നും ഈടാക്കുവാൻ കെ.എസ്.ഇ.ബി.യുടെ മുൻ സി.എം.ഡി. ഉത്തരവിട്ടിരുന്നോ; എങ്കിൽ ഈടാക്കേണ്ട തുക എത്രയാണെന്നും ഈ തുക അടച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കുമോ; | (ബി) | ബഹു. മുൻ വൈദ്യുതി മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി ഡെപ്യൂട്ടേഷനിലായിരുന്ന ശ്രീ. സുരേഷ് കുമാർ എം ജി, കെ.എസ്.ഇ.ബി. എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കെഎസ്ഇബി ലിമിറ്റഡ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ No. KL01 BQ 2419 എന്ന വാഹനം 01.08.2017 മുതൽ 27.06.2020 വരെയുള്ള കാലയളവിൽ ഔദ്യോഗിക അനുമതി കൂടാതെ ശ്രീ. എം.ജി. സുരേഷ് കുമാർ കൈവശപ്പെടുത്തി ഉപയോഗിച്ചുവന്നിരുന്നതായും, ടി വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം ടിയാൻ ഔദ്യോഗിക ആസ്ഥാനമായ തിരുവനന്തപുരത്തുനിന്നും തന്റെ ജന്മദേശമായ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, പേരമ്പ്ര, കുറ്റിയാടി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് നടത്തിയിട്ടുള്ള 48,640 Km അനൗദ്യോഗിക യാത്രയിലൂടെ 6,72,560/- രൂപ കെ.എസ്.ഇ.ബി ലിമിറ്റഡിന് നഷ്ടം വരുത്തിയിട്ടുള്ളതായും കണ്ടെത്തി. തുടർന്ന് ആരോപണ വിധേയനായ ശ്രീ. എം.ജി. സുരേഷ് കുമാർ 6,72,560/- രൂപ അടയ്ക്കണമെന്ന് കാണിച്ച് മുൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 01/07/2022 – ലെ നടപടിക്രമം(പകർപ്പ് അനുബന്ധം - 1 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്)പുറപ്പെടുവിക്കുകയുണ്ടായി.<br><br>ശ്രീ. എം.ജി. സുരേഷ് കുമാറിന്റെ ഭാഗം കേൾക്കാതെ ഏകപക്ഷീയമായി തീരുമാനിച്ചതാണെന്നുള്ള ടിയാന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന കെ.എസ്.ഇ.ബി ലിമിറ്റഡ് മുൻ ഡയറക്ടർ (ഫിനാൻസ്) ടിയാന് വ്യക്തിഗത കൂടികാഴ്ച അനുവദിക്കുകയും ആയതിൽ ടിയാൻ മുന്നോട്ട് വെച്ച വാദമുഖങ്ങളുടെ അടിസ്ഥാനത്തിലും അദ്ദേഹം സർക്കാരിൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ പ്രവർത്തിച്ചിരുന്ന സമയത്ത് നടന്ന സംഭവമാകയാൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാർ ആണ് എന്ന നിഗമനത്തിലും നിലവിലെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 01/07/2022 - ലെ നടപടിക്രമം റദ്ദാക്കിക്കൊണ്ട് 07/11/2022 – ലെ നടപടിക്രമം(പകർപ്പ് അനുബന്ധം - 2 ആയി ഉള്ളടക്കം ചെയ്യുന്നു) പുറപ്പെടുവിക്കുകയും പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത വ്യക്തിയിൽ നിന്നും ഈടാക്കുവാൻ മുൻ സി.എം.ഡി. നിശ്ചയിച്ച തുക പുതിയ സി.എം.ഡി. ഇളവ് ചെയ്തു കൊടുക്കുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ബഹു. മുൻ വൈദ്യുതി മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി ഡെപ്യൂട്ടേഷനിലായിരുന്ന ശ്രീ. സുരേഷ് കുമാർ എം ജി, കെ.എസ്.ഇ.ബി. എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കെഎസ്ഇബി ലിമിറ്റഡ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ No. KL01 BQ 2419 എന്ന വാഹനം 01.08.2017 മുതൽ 27.06.2020 വരെയുള്ള കാലയളവിൽ ഔദ്യോഗിക അനുമതി കൂടാതെ ശ്രീ. എം.ജി. സുരേഷ് കുമാർ കൈവശപ്പെടുത്തി ഉപയോഗിച്ചുവന്നിരുന്നതായും, ടി വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം ടിയാൻ ഔദ്യോഗിക ആസ്ഥാനമായ തിരുവനന്തപുരത്തുനിന്നും തന്റെ ജന്മദേശമായ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, പേരാമ്പ്ര, കുറ്റിയാടി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് നടത്തിയിട്ടുള്ള 48,640 Km അനൗദ്യോഗിക യാത്രയിലൂടെ 6,72,560/- രൂപ കെ.എസ്.ഇ.ബി ലിമിറ്റഡിന് നഷ്ടം വരുത്തിയിട്ടുള്ളതായും കണ്ടെത്തി. തുടർന്ന് ആരോപണ വിധേയനായ ശ്രീ. എം.ജി. സുരേഷ് കുമാർ 6,72,560/- രൂപ അടയ്ക്കണമെന്ന് കാണിച്ച് മുൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 01/07/2022 – ലെ നടപടിക്രമം(പകർപ്പ് അനുബന്ധം - 1 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്)പുറപ്പെടുവിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ശ്രീ. എം.ജി. സുരേഷ് കുമാറിന്റെ ഭാഗം കേൾക്കാതെ ഏകപക്ഷീയമായി തീരുമാനിച്ചതാണെന്നുള്ള ടിയാന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന കെ.എസ്.ഇ.ബി ലിമിറ്റഡ് മുൻ ഡയറക്ടർ (ഫിനാൻസ്) ടിയാന് വ്യക്തിഗത കൂടികാഴ്ച അനുവദിക്കുകയും ആയതിൽ ടിയാൻ മുന്നോട്ട് വെച്ച വാദമുഖങ്ങളുടെ അടിസ്ഥാനത്തിലും അദ്ദേഹം സർക്കാരിൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ പ്രവർത്തിച്ചിരുന്ന സമയത്ത് നടന്ന സംഭവമാകയാൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാർ ആണ് എന്ന നിഗമനത്തിലും നിലവിലെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 01/07/2022 - ലെ നടപടിക്രമം റദ്ദാക്കിക്കൊണ്ട് 07/11/2022 – ലെ നടപടിക്രമം(പകർപ്പ് അനുബന്ധം - 2 ആയി ഉള്ളടക്കം ചെയ്യുന്നു) പുറപ്പെടുവിക്കുകയും പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ